പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 106      13.12.2012- ൽ മറുപടിക്ക്

## ദുരന്ത നിവാരണ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. പി.എ മാധവൻ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | ദുരന്തങ്ങൾക്കെതിരെ പ്രതിരോധിക്കാനും ദുരന്ത മുഖങ്ങളിൽ ഫലപ്രദമായി പ്രവർത്തിക്കാനുമുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. 2005- ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് (കേന്ദ്ര നിയമം) അധികരിച്ച് ദുരന്ത നിവാരണത്തിനുള്ള വിവിധ പദ്ധതികളുടെ ആസൂത്രണം, സംഘാടനം, ഏകോപനം, നടപ്പാക്കൽ എന്നിവ ലക്ഷ്യമാക്കി സംസ്ഥാനത്ത് മുഖ്യമന്ത്രി ചെയർമാനായും റവന്യൂ & ഡി.എം വകുപ്പ് മന്ത്രി വൈസ് ചെയർമാനുമായുള്ള കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. അതോറിറ്റിയുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയും നിലവിലുണ്ട്. ദുരന്ത മുഖങ്ങളിൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് റവന്യൂ, പോലീസ്, ഫയർഫോഴ്സ്, ആരോഗ്യം, പൊതുമരാമത്ത്, കൃഷി, മൃഗസംരക്ഷണം, വൈദ്യുതി, ശാസ്ത്രസാങ്കേതികം തുടങ്ങിയ സർക്കാർ വകുപ്പുകളെയും സർക്കാരിതര ഏജൻസികളെയും സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നത് അതോറിറ്റിയാണ്. ഇതിനു പുറമെ ദുരന്ത മുഖങ്ങളിൽ സമയോചിതമായി പ്രതികരിക്കുക, ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുക എന്നീ ലക്ഷ്യത്തോടു കൂടി 100 അംഗങ്ങളുള്ള സംസ്ഥാന ദുരന്ത നിവാരണ സേന പോലീസ് വകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സേനാംഗങ്ങൾക്ക് പ്രകൃതിക്ഷോഭ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ പ്രത്യേക പരിശീലനം നൽകിയ ശേഷം വിവിധ ജില്ലകളിൽ വിന്യസിക്കുന്നതാണ്. ദുരന്തങ്ങൾക്ക് ശേഷം ഇടപെടുക എന്ന രീതിയിൽ നിന്നും മാറി ദുരന്തത്തിന് മുമ്പ് ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോട് കൂടിയാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രവർത്തിക്കുന്നത്. |
| (ബി) | എങ്കിൽ ഏതെല്ലാം ജില്ലകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്; | (ബി) | ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട്- ന്റെ വെളിച്ചത്തിൽ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലകളിലെ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും നടപ്പിലാക്കുന്നതും മേൽ നോട്ടം വഹിക്കുന്നതും ജില്ലാ ദുരന്തനിവാരണ അതോറിറ്റികളാണ്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; | (സി) | ബന്ധപ്പെട്ട കേന്ദ്ര - സർക്കാർ വകുപ്പുകൾ/ഏജൻസികൾ, യു.എൻ.ഡി.പി, വിവിധ എൻ.ജി.ഒ കൾ, മാധ്യമങ്ങൾ മുതലായവയുടെ സഹായ സഹകരണത്തോടുകൂടി പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ ജനപ്രതിനിധികളെ പങ്കാളികളാക്കുന്നുണ്ടോ; | (ഡി) | വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് നടത്തുന്ന പരിപാടികളിൽ പദ്ധതിയുടെ സ്വഭാവമനുസരിച്ച് ജനപ്രതിനിധികളെ പങ്കാളികളാക്കുന്നുണ്ട്. |
| (ഇ) | പ്രസ്തുത പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ? | (ഇ) | സംസ്ഥാന പ്ലാൻ വിഹിതത്തിന്റെയും കേന്ദ്ര സഹായത്തിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാന മൊട്ടാകെ വിവിധ പദ്ധതികൾ നടപ്പാക്കുന്ന കാര്യം ആലോചിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ